"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - സർക്കാർ സ്കൂളുകളിലെ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ **(ജെഎ)** വകുപ്പ്

സ.ഉ.(കൈ) നം.**50/2024/GEDN** തീയതി,തിരുവനന്തപുരം, **23-05-2024**

---

പരാമർശം:-

1. **02.12.1991**തീയതിയിലെ സ.ഉ.(പി)നം.**36/91/**പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. **25.05.1992** തീയതിയിലെ സ.ഉ(കൈ)നം. **113/1992/**പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. **25.05.1999** തീയതിയിലെ സ.ഉ(കൈ)നം.**120/99/**പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
4. **20.01.2009** തീയതിയിലെ സ.ഉ(കൈ)നം.**8/2009** /പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
5. **06.07.2012** ലെ സ.ഉ(കൈ)നം.**217/12/**പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
6. **23.01.2018** തീയതിയിലെ സ.ഉ(കൈ)നം.**6/2018/**പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
7. **24/12/2021** തീയതിയിലെ സ.ഉ(അച്ചടി)നം. **27/2021/**പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
8. **26.04.2023** ലെയും **12.07.2023** ലെയും എ1/**13515/2023/**ഡിജിഇ നമ്പർ പൊതു വിദ്യാഭ്യാസ

ഡയറക്ടറുടെ കത്തുകൾ.

9 കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 6.11.2023-ലെ A2-1/11/2019-KPSC നമ്പർ കത്ത്.

## ഉത്തരവ്

എല്ലാ സർക്കാർ വകുപ്പുകളിലെയും ഓരോ വിഭാഗത്തിലെയും ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം മാത്രമേ അന്തർജില്ലാ സ്ഥലം മാറ്റത്തിന് നൽകാവൂ എന്ന് പരാമർശം (1) ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അധ്യാപകരുടെ അന്തർജില്ലാസ്ഥലം മാറ്റത്തിനുള്ള അനുപാതം, പരാമർശം (2) മുതൽ (6) വരെയുള്ള ഉത്തരവുകൾ പ്രകാരം എൽ.പി/യു.പി.സ്കൂൾ അധ്യാപകർക്ക് 35%, ഹൈസ്കൂൾ അധ്യാപകർക്ക് 25%, ജൂനിയർ/പാർട്ട് ടൈം ജൂനിയർ ഭാഷാധ്യാപകർക്ക് 30% എന്നിങ്ങനെ നിശ്ചയിച്ചിരുന്നു.

2. 2021-22 വർഷം മുതൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റങ്ങൾക്കും പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമാക്കി പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു.

3. അന്തർജില്ലാസ്ഥലം മാറ്റത്തിനുള്ള അനുപാതം എൽ.പി./യു.പി സ്കൂൾ അധ്യാപകർക്ക് 30%വും ഹൈസ്കൂൾ അധ്യാപകർക്ക് 25%വും ആയി പുനഃസ്ഥാപിച്ചു നല്കണമെന്ന് ആവശ്യപ്പെട്ട് ഒരു കൂട്ടം അധ്യാപകർ നിവേദനം സമർപ്പിച്ചിട്ടുണ്ട്.നിലവിലെ ശതമാനം (10 %) അനുസരിച്ച് ഒരു ജില്ലയിലെ ഒരു അധ്യാപക വിഭാഗത്തിൽ ഒരു വർഷം ആകെ 5 ഒഴിവുകൾ ആണ് റിപ്പോർട്ട് ചെയ്യപ്പെടുന്നതെങ്കിൽ അതിന്റെ 10% എന്നത് 0.5 ആയതിനാൽ അന്തർജില്ലാ സ്ഥലം മാറ്റം വഴി ഒരു നിയമനത്തിന് പോലും സാധിക്കില്ല.അധ്യാപക വിഭാഗങ്ങളിൽ പ്രത്യേകിച്ചും ഹൈസ്കൂൾ അധ്യാപക തസ്തികകളിൽ ഒരു വർഷം 10 ഒഴിവുകൾ ഉണ്ടാകുന്നത് അപൂർവ്വമാണ്.ഈ വർഷവും എൽ.പി, യു.പി പോലുള്ള ചില അധ്യാപകതസ്തികകളിൽ മാത്രമാണ് നാമമാത്രമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.ഹൈസ്കൂൾ അധ്യാപക തസ്തികകളിൽ വളരെ കുറവ് ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.എറണാകുളം ജില്ലയിൽ

ഒരു തസ്തികയിലും അന്തർജില്ലാ സ്ഥലം മാറ്റത്തിന് ഒഴിവുകൾ വിഹിതം ചെയ്തിട്ടില്ല.സ്വന്തം കുടുംബത്തിൽ നിന്നും മാറി വർഷങ്ങളായി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് മറ്റു ജില്ലകളിൽ നിന്നു തന്നെ വിരമിക്കേണ്ടി വരുമെന്നും ആയതിനാൽ മുൻപുണ്ടായിരുന്ന രീതിയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അനുപാതം പുനഃസ്ഥാപിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പരാമർശം (7)-ലെ ഉത്തരവിന് മുമ്പ് 2021 വർഷം ആകെ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത് 285 പേർക്കും, 10% ആയി കുറവ് ചെയ്ത ശേഷം 2022 ൽ ആകെ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത് 242 പേർക്കും ആണെന്നും, എല്ലാ ജില്ലയിലും, എല്ലാ തസ്തികയിലേയ്ക്കും ആവശ്യത്തിനു അപേക്ഷകരുണ്ടെന്നും പരാമർശം (8) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. അന്തർജില്ലാ സ്ഥലം മാറ്റ ചട്ടപ്രകാരം ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റം നിലവിലെ അനുപാതത്തിൽ മാറ്റം വരുത്തി അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ജില്ലകളിൽ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്യാൻ അവശേഷിക്കുന്ന ഒഴിവുകളുടെ എണ്ണത്തിൽ വ്യതിയാനം വരുമെങ്കിലും നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെടേണ്ട ഒഴിവുകളുടെ ആകെ എണ്ണത്തിൽ വ്യത്യാസം വരാതെയിരിക്കേണ്ടതുണ്ടെന്ന് കമ്മീഷൻ വിലയിരുത്തിയതായും, ടി തസ്തികകളിലേക്കു പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖേനയുള്ള നേരിട്ടുള്ള നിയമനത്തിന്റെ ആകെ എണ്ണത്തിൽ കുറവ് വരാത്ത വിധത്തിൽ അന്തർജില്ലാ സ്ഥലംമാറ്റ അനുപാതം എൽ.പി.എസ്.ടി/യു.പി.എസ്.ടി ക്ക് 30% വും, എച്ച്.എസ്.ടി ക്ക് 25% വും ആയി നൽകുന്നതിനോട് കമ്മീഷൻ യോജിക്കുന്നു എന്ന് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (9) പ്രകാരം അറിയിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എല്ലാ ജില്ലയിലും, എല്ലാ തസ്തികയിലേയ്ക്കും അന്തർ ജില്ലാ സ്ഥലം മാറ്റത്തിനു ആവശ്യത്തിനു അപേക്ഷകരുണ്ടെന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടു പരിഗണിച്ചും അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് 2020-21, 2021-22 കാലയളവിൽ

അപേക്ഷിച്ചവരിൽ യഥാക്രമം 57% പേർക്കും, 37% പേർക്കും മാത്രമേ സ്ഥലമാറ്റം ലഭിച്ചിട്ടുള്ളൂ എന്നത് കണക്കിലെടുത്തും, പരാമർശം (1) ഉത്തരവിൽ ഇളവ് നൽകി, പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലിചെയ്യുന്ന അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം, ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി നിയമനത്തെ ബാധിക്കാതെ, നിലവിലെ 10% എന്നത് എൽ.പി./യു.പി സ്കൂൾ അധ്യാപകർക്ക് 20%വും ഹൈസ്കൂൾ അധ്യാപകർക്ക് 15%വും ആയി വർദ്ധിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി

1. സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ( പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. എസ്.സി.ഇ.ആർ.ടി ഡയറക്ടർ, തിരുവനന്തപുരം.

5. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്),കേരള തിരുവനന്തപുരം
6.അക്കൗണ്ടൻറ് ജനറൽ (എ&ഇ),കേരള തിരുവനന്തപുരം

7.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. പൊതുഭരണ (എസ്.സി) വകുപ്പ് (20.5.2024-ലെ ഇനം നം. 2178 പ്രകാരം)
10.ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് (18.1.2023-ലെ ADV-B3/298/2022-P&ARD പ്രകാരം)

11.പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.

12. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
Date: 23-05-2024 12:13:31
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പിഎസ് ന്

2. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്

3. ജോയിന്റ് സെക്രട്ടറിയുടെ സിഎ യ്ക്ക്